പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*306** 20/06/2019-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.വി. അബ്ദുറഹിമാൻ<br>,, ആന്റണി ജോൺ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | സാധാരണക്കാർക്ക് താങ്ങാനാവാത്ത വിധം ചെലവേറിയ ചികിത്സ വേണ്ടിവരുന്ന കാൻസർ, ഹൃദ്രോഗം, സ്ട്രോക്ക് തുടങ്ങിയ അസുഖങ്ങൾക്ക് സർക്കാർ ആശുപത്രികളിൽ മികച്ച ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആർ.സി.സി.യെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഈ സ്ഥാപനത്തിന്റെ വികസനത്തിനായി | ബി) | അംഗീകരിച്ചിട്ടില്ല.<br>എന്നാൽ കേന്ദ്ര സർക്കാർ റീജിയണൽ കാൻസർ സെന്ററിന് സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദവി നൽകുകയും അതിനായി 104.35 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുമുണ്ട്. ഈ പദ്ധതിയുടെ 60 ശതമാനം വിഹിതം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്. പദ്ധതി തുകയുടെ 70% ഉപകരണങ്ങൾ വാങ്ങുന്നതിനും ബാക്കി 30% പഴയ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് ചെലവഴിക്കേണ്ടത്. 2016 -17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 4695 .70 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ 3131 ലക്ഷം രൂപയും ആദ്യ ഗഡുവായി |

| | | | |
|---|---|---|---|
| | സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | | അനുവദിച്ചിരുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>1,34,000 ചതുരശ്ര അടി വിസ്തീർണമുള്ള ഒരു പത്തുനില കെട്ടിടം നിർമിച്ച് പ്രവർത്തന സജ്ജമാക്കുകയും ഓ. പി. വിഭാഗം പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.. കൂടാതെ 187.2 കോടി രൂപ ചെലവിൽ ഒരു 14 നില കെട്ടിടത്തിന്റെ നിർമാണ പ്രവർത്തനം നടന്നു വരുന്നു. |
| സി) | കൊച്ചി കാൻസർ റിസർച്ച് സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | സി) | (I) **കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ**<br>കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ഔട്ട് പേഷ്യന്റ് വിഭാഗം 01.11.2016 മുതൽ പ്രവർത്തനം തുടങ്ങി. സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മുഴുവൻ സ്റ്റാഫുകളെയും നിയമിക്കുകയുണ്ടായി. 384 കോടി രൂപ മുടക്കി ആധുനിക ചികിത്സ സൗകര്യങ്ങളോടു കൂടിയ ഒരു കാൻസർ സെന്ററാണ് നിർമാണം ആരംഭിച്ചത്. കിഫ്ബിയിൽ നിന്നുള്ള ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത്. ഏറ്റവും മികച്ച ചികിത്സാരീതി സാധാരണക്കാരന് ലഭ്യമാക്കുക എന്നതാണ് ഈ സെന്ററിന്റെ ലക്ഷ്യം.<br>കിടത്തി ചികിത്സ തുടങ്ങുന്നതിന്റെ ഭാഗമായുള്ള നിർമാണ പ്രവർത്തനങ്ങളും അനുബന്ധ പ്രവൃത്തികളും പൂർത്തിയായി. ഓപ്പറേഷൻ തീയറ്റർ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. കിടത്തി ചികിത്സ തുടങ്ങുന്നതിന്റെ ഭാഗമായി 71 കരാർ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. മുൻ രാജ്യ സഭ എം. പി. ശ്രീ. സി. പി. നാരായണൻ ലഭ്യമാക്കിയ ഒന്നരക്കോടി രൂപ ഉപയോഗിച്ച് വാങ്ങിയ മാമ്മോഗ്രാം, മൈക്രോടോം എന്നിവ സെന്ററിൽ സ്ഥാപിച്ചു. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് നൽകിയ CSR ഫണ്ട് ഉപയോഗിച്ച് വാങ്ങിയ അൾട്രാ സൗണ്ട് സ്കാനിംഗ് മെഷീനും സ്ഥാപിച്ചു.<br>(ii) മലബാർ കാൻസർ സെന്റർ<br>- പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.<br>-13 )o ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് മലബാർ കാൻസർ സെന്ററിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തന |

| | | | |
|---|---|---|---|
| | | | സജ്ജമായിക്കൊണ്ടിരിക്കുന്നു.<br>- സി. ടി സ്കാനർ, SPECT CT , Pet Scanner , PACS , Nuclear Medicine Facility , Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>- അത്യാധുനിക സംവിധാനങ്ങളോട് കൂടിയ ലബോറട്ടറി ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| ഡി) | ജില്ലാ, ജനറൽ ആശുപത്രികളിലെ ല്ലാം കാത് ലാബും കൊറോണറി കെയർ യൂണിറ്റും ആരംഭിക്കാൻ പദ്ധതിയുണ്ടോയെ ന്ന് വ്യക്തമാക്കാമോ? | ഡി) | സർക്കാർ ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി 3 മെഡിക്കൽ കോളേജ് ആശുപത്രികളിലും തെരഞ്ഞെടുത്ത 7 ജില്ലാ /ജനറൽ ആശുപത്രികളിലും കാത്ത് ലാബ് കാർഡിയാക് കെയർ യൂണിറ്റ് മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ മേൽ സംരംഭം പ്രവർത്തനം സജ്ജമായി സേവനം ലഭ്യമാക്കിയിട്ടുണ്ട്.<br>മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബിന്റെ നിർമാണം പൂർത്തീകരിച്ചു.<br>പാരിപ്പള്ളി മെഡിക്കൽ കോളേജ്, തൃശ്ശൂർ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബ് ഉപകരണം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.<br>ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് കാത്ത് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.<br>ഇതിനു പുറമെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജനറൽ ആശുപത്രിയിലും, മാനന്തവാടി ജില്ലാ ആശുപത്രിയിലും, അടിമാലി താലൂക്ക് ആശുപത്രിയിലും കാത്ത് ലാബും, കൊറോണറി യൂണിറ്റും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ